(എഫ്) ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ സ്ഥിരം ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേരെ ഇവിടെ നിയമിച്ചിട്ടുണ്ട് ;

(എച്ച്) ആവശ്യമുള്ള സ്ഥിരം ജീവനക്കാരെ നിയമിച്ച് കുടിശ്ശിക അപേക്ഷകൾ സമയ ബന്ധിത തീവ്രതയിനത്തിലൂടെ തീർപ്പ് കൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മതിയായ ഫണ്ടിന്റെ അഭാവമാണ് കാരണം.

(ബി) 2000-2001 വർഷം മുതലുള്ള അപേക്ഷകൾ അനുവദിക്കാനുണ്ട്.

(സി) 2000-2001, 2001-2002 വർഷങ്ങളിലെ 800 അപേക്ഷകളും അതിന്റെ ഫ്രഷ് അവാർഡുകളും, പുതുക്കലും, 1995-96 മുതൽ 1999-2000 വരെയുള്ള ഏകദേശം അഞ്ഞൂറോളം പുതുക്കൽ അപേക്ഷകളും നിലവിൽ കുടിശ്ശികയായിട്ടുണ്ട്. വർഷവും കോഴ്സും തിരിച്ചുള്ള വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2001-2002-ൽ പ്ലാൻ ഹെഡിൽ 2,50,000 രൂപയും നോൺ പ്ലാൻ ഹെഡിൽ 20,00,000 രൂപയും 2002-2003-ൽ ആകെ ഏഴ് ലക്ഷം രൂപയും (നോൺ പ്ലാൻ) അനുവദിച്ചിരുന്നു. 2001-2002 വർഷം വരെ 66.72 ലക്ഷം രൂപയും 2002-2003 വർഷത്തേക്ക് 30 ലക്ഷം രൂപയും കൊടുക്കാനുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

(ഇ) പ്രസ്തുത തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സ്ഥിരം ജീവനക്കാർ രണ്ട് പേരുണ്ട്.

(ജി) ഒരാളെ നിയമിച്ചിട്ടുണ്ട്.

(എച്ച്) മതിയായ ഫണ്ടിന്റെ അഭാവമാണ് അപേക്ഷകൾ കുടിശ്ശിക ആകാനുള്ള പ്രധാന കാരണം.

എൻ. ഒ.സി. യോ അഫിലിയേഷനോ കൂടാതെ പ്രവർത്തിക്കുന്ന പ്രൊഫഷണൽ കോളേജുകൾ

131 (4413) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ കോളേജുകൾക്ക് എൻ. ഒ. സി. നൽകുമ്പോൾ ഈ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെടുന്ന പ്രദേശത്തിന്റെ ആവശ്യകത, തൊഴിൽ സാദ്ധ്യത, സ്ഥാപനം നടത്തുന്നവർ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള സാദ്ധ്യത എന്നീ കാര്യങ്ങൾ പരിഗണിക്കാറുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻ.ഒ.സി. നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ ഏതെങ്കിലും പരിഗണിച്ചിട്ടുണ്ടോ :

(സി) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ സ്വകാര്യ സ്വാശ്രയ മേഖലകളിൽ ഓരോന്നിലും എത്ര പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട് എന്ന് തരംതിരിച്ച് കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 14 എഞ്ചിനീയറിംഗ് കോളേജുകളും സ്വാശ്രയ മേഖലയിൽ 66 എഞ്ചിനീയറിംഗ് കോളേജുകളും നിലവിലുണ്ട്. അതുപോലെ സ്വാശ്രയ മേഖലകളിൽ 26 എം. ജി. എ. സ്ഥാപനങ്ങളും 10 എം. ബി. എ. സ്ഥാപനങ്ങളും നിലവിലുണ്ട്. മറ്റു മേഖലയിലുള്ള പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാരക്കോണം സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശനം നൽകാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

132(4415) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരക്കോണം സ്വാശ്രയ മെഡിക്കൽ കോളേജ് ഏത് ട്രസ്റ്റ്/ബോർഡിന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ട്രസ്റ്റ്/ബോർഡിലെ അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ട്രസ്റ്റ്/ബോർഡിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും ബൈലായുടേയും പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഇതിന് എൻ.ഒ.സി. ലഭിച്ചത് എന്നാണ് ;

(ഇ) ഇവിടെ പ്രവേശനം നൽകാൻ ഇപ്പോൾ അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ; ഫീസ് നിരക്ക് എത്ര :

(എഫ്) അഡ്മിഷന് സർക്കാർ നിർദ്ദേശമായ 50% മെരിറ്റും 50% മാനേജ്മെന്റ് കാറ്റഗറിയും നിയമം ഇവിടെ പാലിക്കുന്നുണ്ടോ : എപ്രകാരം മാനേജ്മെന്റ് കാറ്റഗറിയിൽ ഇവിടെ പ്രവേശനം നടത്തിവരുന്നു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly